ക്ഷേമ പ്രവർത്തനങ്ങൾക്കായി സാമൂഹ്യക്ഷേമ വകുപ്പ് നേരിട്ട് വിതരണം ചെയ്യുന്ന ഫണ്ട്

26 [2163] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പ് നേരിട്ട് ഫണ്ട് വിതരണം ചെയ്യാറുണ്ടോ;

(ബി) എങ്കിൽ 2001 മേയ് മുതൽ 2005 മേയ് വരെ ഈ വകുപ്പ് മുഖാന്തിരം ഏതെല്ലാം വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും എന്തു തുക വീതം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വിതരണം ചെയ്ത തുകയുടെ വിനിയോഗം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നുവോ;

(ഡി) ഈ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കപ്പെട്ടതായി ഉറപ്പാക്കാൻ കഴിയുമോ?

ഉത്തരം

(എ) ക്ഷേമ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയല്ലാതെ നേരിട്ട് ഫണ്ട് വിതരണം ചെയ്യുന്നില്ല.

(ബി,സി,ഡി) ഉദിക്കുന്നില്ല.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്രസഹായം

27 [2164] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന കേന്ദ്ര സഹായങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ സഹായങ്ങൾ ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര സഹായത്തിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഇനിയും അവശേഷിക്കുന്നവ ഏതൊക്കെയാണ്;

(ഡി) കേന്ദ്ര സഹായം ഏതെങ്കിലും യഥാസമയം വിനിയോഗിക്കാതെ ലാപ്സായി പോയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ദേശീയ പിന്നോക്ക വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (എൻ. ബി. സി. എഫ്. ഡി. സി.), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ. എം. ഡി. എഫ്. സി.), ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ. എച്ച്. എഫ്. ഡി. സി) എന്നീ സ്ഥാപനങ്ങളിൽനിന്നും വനിതാ വികസനത്തിനുള്ള വായ്പ തുക ലഭിച്ചുവരുന്നു. കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly